# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.01.2025**

### പ്രധാനവാർത്തകൾ

1. കർണാടകയിൽ **HMPV** വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ നിരീക്ഷണം ശക്തമാക്കി ആരോഗ്യ മന്ത്രാലയം. സംസ്ഥാനത്ത് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മന്ത്രി വീണാ ജോർജ്.

2. നിലമ്പൂരിൽ ഫോറസ്റ്റ് ഓഫീസ് തകർത്ത സംഭവത്തിൽ അറസ്റ്റിലായ പി വി അൻവർ എംഎൽഎയ്ക്ക് ജാമ്യം.

3. 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. പോയിൻറ് നിലയിൽ മുന്നേറ്റം തുടർന്ന് കണ്ണൂർ ജില്ല. തൃശൂരും, കോഴിക്കോടും തൊട്ടുപിന്നിൽ.

4. സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടിയിൽ റിപ്പോർട്ട് തേടി ബാലാവകാശ കമ്മിഷൻ.

5. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് തുടക്കം

**************************************************

## എച്ച്.എം.പി വി

കർണാടകയിൽ HMPV വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ നിരീക്ഷണം ശക്തമാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം. മൂന്നും, എട്ടും മാസം പ്രായമുള്ള രണ്ട് കുഞ്ഞുങ്ങളിലാണ് വൈറസ് സാന്നിധ്യം കണ്ടെത്തിയത്. ഇരുവരും സുഖം പ്രാപിച്ച് വരികയാണ്. വിദേശ യാത്രാ ചരിത്രമില്ലാത്ത കുട്ടികളിൽ വൈറസ് കണ്ടെത്തിയ സാഹചര്യത്തിൽ, ഇന്ത്യയുൾപ്പെടെ എല്ലാ രാജ്യങ്ങളിലും എച്ച്.എം. പി.വി ഇതിനകം തന്നെ എത്തിയിരിക്കാമെന്നാണ് ഐ.സി.എം ആറിൻറെ നിഗമനം. രാജ്യത്ത് ശ്വാസകോശ രോഗബാധകളിൽ അസാധാരമായ വർദ്ധന ഇതുവരെ ഉണ്ടായിട്ടില്ല. ഏത് അടിയന്തരസാഹചര്യവും നേരിടാൻ രാജ്യം പൂർണസജ്ജമാണെന്ന് ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. ചൈനയിൽ ഹ്യൂമൻ മെറ്റാന്യൂമോ കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇന്ത്യയിലും നിരീക്ഷണം കർശനമാക്കിയത്.

*************************************************

## മന്ത്രി വീണാ ജോർജ്-എച്ച്.എം.പി വി

രാജ്യത്ത് എച്ച്.എം.പി.വി വൈറസ് റിപ്പോർട്ട് ചെയ്തതിൽ ആശങ്കപ്പെടേണ്ടതില്ലെന്നും സംസ്ഥാനം ഇതിനകം തന്നെ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പ് ഉന്നതതല യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി. സംസ്ഥാനത്ത് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചൈന ഉൾപ്പെടെയുള്ള മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്ന ആളുകളിൽ ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളുണ്ടെങ്കിൽ പ്രത്യേകം നിരീക്ഷിക്കും. ശ്വാസകോശ സംബന്ധമായ രോഗ ലക്ഷണങ്ങളുള്ളവർ

RNU TVPM

മാസ്ക് ധരിക്കുകയും കൃത്യമായ ചികിത്സ ഉറപ്പാക്കുകയും വേണമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

*****************************************

## പി വി അൻവർ-ജാമ്യം

നിലമ്പൂരിൽ ഫോറസ്റ്റ് ഓഫീസ് തകർത്ത സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പി വി അൻവർ എംഎൽഎയ്ക്ക് ജാമ്യം. നിലമ്പൂർ ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഇന്നലെ അറസ്റ്റ് ചെയ്ത എം.എൽ.എ.യെ കോടതി പിന്നീട് റിമാൻഡ് ചെയ്യുകയായിരുന്നു. പോലീസിൻറെ കസ്റ്റഡി ആവശ്യം നിരസിച്ചാണ് നിലമ്പൂർ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി ജാമ്യം അനുവദിച്ചത്.

*****************************************

RNU TVPM

## കലോത്സവം ... ഇൻട്രോ

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മൂന്നാം ദിനം വിവിധ വേദികളിൽ മത്സരങ്ങൾ പുരോഗമിക്കുന്നു. കിരീടപ്പോരാട്ടത്തിനായി ജില്ലകൾ തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്. 157 ഇനങ്ങൾ പൂർത്തിയായപ്പോൾ 625 പോയിന്റുമായി നിലവിലെ ചാമ്പ്യൻമാരായ കണ്ണൂരാണ് മുന്നിൽ. 622 പോയിന്റുമായി തൃശൂർ രണ്ടാമതും 617 പോയിന്റുമായി കോഴിക്കോട് മൂന്നാമതുമാണ്. സ്കൂളുകളിൽ 98 പോയിന്റുമായി പാലക്കാട് ജില്ലയിലെ ആലത്തൂർ ബി എസ് എസ് ഗുരുകുലം HSS ആണ് ഒന്നാമത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

*****************************************

## വോട്ടർ പട്ടിക

സംസ്ഥാനത്ത് പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 2 കോടി 78 ലക്ഷത്തി10,942 വോട്ടർമാരാണ് പട്ടികയിലുള്ളതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. 63,564 പേരാണ് പുതുതായി വോട്ടർ പട്ടികയിൽ ഇടം നേടിയത്.

*************************************************

## വീരമൃത്യു-ഛത്തീസ്ഗഡ്

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ മാവോയിസ്റ്റുകൾ സുരക്ഷാ സേനയുടെ വാഹനത്തിനു നേരെ നടത്തിയ ലാൻഡ്‌ലൈൻ ആക്രമണത്തിൽ എട്ട് ജവാൻമാർക്ക് വീരമൃത്യു. ബസ്തർ ഡിവിഷനിലെ അംബേലിക്ക് സമീപമാണ് സംഭവം. ദന്തേവാഡയിൽ നിന്നുള്ള ഡിസ്ട്രിക്റ്റ് റിസർവ് ഗാർഡിന്റെ 9 ഓളം ജവാൻമാർ സഞ്ചരിച്ച വാഹനത്തിനു നേരെ മാവോയിസ്റ്റുകൾ പതിയിരുന്ന് ആക്രമണം നടത്തുകയായിരുന്നു . സംഭവത്തിന് ശേഷം ഒരു ജവാനെ കാണാതായിട്ടുണ്ട്.

RNU TVPM

*************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

*************************************************

## ഇടുക്കി അപകടം - സഹായം

ഇടുക്കി പുല്ലുപാറയിൽ അപകടത്തിൽപ്പെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്ക് കെഎസ്ആർടിസി അഞ്ച് ലക്ഷം രൂപ വീതം അടിയന്തര സഹായം നൽകുമെന്ന് മന്ത്രി കെ.ബി ഗണേഷ്കുമാർ. പരിക്കേറ്റവരുടെ ചികിത്സാചിലവും

കെഎസ്ആർടിസി വഹിക്കും. സംഭവത്തിൽ അടിയന്തര അന്വേഷണത്തിന് ഗതാഗത മന്ത്രി ഉത്തരവിട്ടു. ഇന്ന് രാവിലെ ഇടുക്കി പുല്ലുപാറക്ക് സമീപം കെഎസ്ആർടിസി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് ഉണ്ടായ അപകടത്തിൽ നാല് പേർ മരിക്കുകയും 33 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ബസിൻറെ ബ്രേക്ക് നഷ്ടപ്പെട്ടതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.

*****************************************

## ബാലാവകാശ കമ്മിഷൻ-കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടിയിൽ ബാലാവകാശ കമ്മിഷൻ റിപ്പോർട്ട് തേടി. സ്കൂളുകളെ വിലക്കിയ തീരുമാനം കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയ എടുത്ത കേസിലാണ് നടപടി. എറണാകുളത്ത് നടന്ന കഴിഞ്ഞ സ്കൂൾ കായിക മേളയുടെ സമാപനസമ്മേളനം അലങ്കോലപ്പെടും വിധത്തിൽ പ്രതിഷേധം നടത്തിയതിനാണ് തിരുനാവായ നാവാമുകുന്ദ, കോതമംഗലം മാർ ബേസിൽ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് വിലക്കേർപ്പെടുത്തിയത്.

*****************************************

## പുസ്തകോത്സവം

കേരള നിയമസഭ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന് നാളെ തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. പ്രശസ്ത സാഹിത്യകാരൻ എം മുകുന്ദന് നിയമസഭാ അവാർഡ് മുഖ്യമന്ത്രി ചടങ്ങിൽ സമ്മാനിക്കും. ഈ മാസം 13 വരെ നീളുന്ന മേളയിൽ 160ലേറെ ദേശീയ അന്തർ ദേശീയ പ്രസാധകർ അണിനിരക്കും.

RIJU TVPM

****************************************

## യാത്രയയപ്പ്

വികസിത ഭാരത് യുവ നേതൃ സംഗമത്തിൽ പങ്കെടുക്കുന്ന കേരള സംഘത്തിന് നാളെ രാജ്ഭവനിൽ യാത്രയയപ്പ് നൽകും. ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പ്രതിനിധികൾക്ക് ആശംസകൾ നേരും. മേരാ യുവ ഭാരത് പോർട്ടലിൽ വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായ 39 പേരാണ് സംഘത്തിലുള്ളത്. ഈ മാസം 10,11,12 തീയതികളിൽ ന്യൂ ഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദേശീയ മത്സരത്തിൽ വികസിത ഭാരതത്തെ കുറിച്ചുള്ള ആശയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മുൻപിൽ സംഘം അവതരിപ്പിക്കും.

****************************************

RNU TVPM

## ഭക്തജനത്തിരക്ക് - ശബരിമല

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ശബരിമലയുമായി ബന്ധപ്പെട്ട പ്രധാന ചടങ്ങുകളിൽ ഒന്നായ എരുമേലി പേട്ടതുള്ളൽ ഈ മാസം 11ന് നടക്കും. പേട്ടതുള്ളലിനായി അമ്പലപ്പുഴ സംഘം ഇന്ന് രാവിലെ പുറപ്പെട്ടു. തിരുവാഭരണ ഘോഷയാത്ര 12 ന് പന്തളത്തു നിന്നും പുറപ്പെടും. 13ന് പമ്പ സദ്യയും വിളക്കും നടക്കും. 14 നാണ് മകരവിളക്ക്.

****************************************

## കഥകളി - ആട്ടവിളക്ക് ... ഇൻട്രോ

പത്തനംതിട്ടയിലെ അയിരൂർ കഥകളി ഗ്രാമത്തിൽ ഇനി കഥകളി മേളയുടെ ആറ് രാപ്പകലുകൾ. മേളയുടെ ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ

നിർവഹിച്ചു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ.....

(വോയ്സ്)

*****************************************

## നവീൻ ബാബു- അപ്പീൽ

എഡിഎം നവീൻ ബാബുവിൻറെ മരണം സംബന്ധിച്ച അന്വേഷണം സിബിഐ യ്ക്ക് വിടണമെന്ന ആവശ്യം നിരാകരിച്ച ഹൈക്കോടതി വിധിയിൽ അതൃപ്തി രേഖപ്പെടുത്തി നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ. വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകുമെന്നും അവർ പ്രതികരിച്ചു.

*****************************************

RNUTVPM

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ- മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30-ന് കൊൽക്കത്തയിലാണ് മത്സരം.

*****************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,258 പോയിൻറ് നഷ്ടത്തിൽ 77,964 ലും, നിഫ്റ്റി 388 പോയിൻറ് ഇടിഞ്ഞ് 23,616 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ മാറ്റമില്ല. പവന് 57,720 രൂപയും ഗ്രാമിന് 7,215 രൂപയുമാണ് ഇന്നത്തെ വില.

*****************************************

## ദേശീയ പട്ടികജാതി കമ്മീഷൻ

ദേശീയ പട്ടികജാതി കമ്മീഷൻ സംസ്ഥാനത്തെ പട്ടികജാതി വികസന പ്രവർത്തനങ്ങൾ വിലയിരുത്തി. കമ്മീഷൻ ചെയർമാൻ കിഷോർ മക്ക് വാന, അംഗങ്ങളായ ലവ് കുഷ് കുമാർ, വടേപ്പള്ളി രാമചന്ദർ എന്നിവർ സംഘത്തിലുണ്ടായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളുവിൻറെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ വിവിധ പദ്ധതികളുടെ പുരോഗതിയും നടപടികളും കമ്മീഷൻ വിലയിരുത്തി.

******************************************************

## പുലിയെ പിടികൂടി

കണ്ണൂർ ഇരിട്ടി കാക്കയങ്ങാട് മയക്കുവെടി വെച്ച് പിടികൂടിയ പുലിയെ ആറളം വെറ്ററിനറി ആശുപത്രിയിലേക്ക് മാറ്റി. . ഇന്ന് രാവിലെയാണ് ഇരിട്ടി സ്വദേശിയുടെ വീട്ടുപറമ്പിൽ പന്നിക്കുവെച്ച കെണിയിൽ പുലി കുടുങ്ങിയത്.

RNU TVPM

******************************************************

## മുഖ്യമന്ത്രി - ഭൂവിനിയോഗ ബോർഡ്

സംസ്ഥാനത്ത് പുത്തൻ കൃഷി രീതികളിൽ കൃത്യമായ ഭൂവിനിയോഗത്തിന് ഏറെപങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭൂവിനിയോഗ ബോർഡ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും മാറുന്ന കാലാവസ്ഥയും സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

******************************************************************************************************************************

*****************************************************************************************